## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

# അക്കാദമിക  മാസ്റ്റർ പ്ലാൻ

## 2025-26

MANNUR L.P SCHOOL
ESTD 1947

## മണ്ണൂർ എൽ പി സ്കൂൾ

# ഉള്ളടക്കം

1. ആമുഖം
2. മണ്ണൂർ എൽ.പി.സ്കൂൾ ചരിത്രം
3. നിലവിലെ അവസ്ഥ
4. കൈവരിച്ച നേട്ടങ്ങൾ
5. പരിമിതികൾ
6. പൊതുലക്ഷ്യങ്ങൾ
7. നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ
8. അക്കാദമിക പ്രവർത്തനങ്ങൾ വിശദമായി
9. ഉപസംഹാരം

MANNUR L.P SCHOOL
ESTD 1947

# ആമുഖം

പൊതുവിദ്യാഭ്യാസങ്ങളെ പ്രാദേശിക സമൂഹത്തിന്റെ വിദ്യാഭ്യാസപരവും സാംസ്ക്കാരികവുമായ ആവശ്യങ്ങൾ നേടാൻ പ്രാപ്തമായ നിലയിൽ സജ്ജമാക്കുന്നതിനുള്ള സമഗ്രവികസന പ്ലാനുകൾ ഓരോ വിദ്യാലയങ്ങളിലും തയ്യാറാക്കി വരുന്നുണ്ട്. ഈ പ്ലാനുകളുടെ മുഖ്യഘടകം ഈ വിദ്യാലയത്തിൽ എത്തിചേരുന്ന ഓരോ കുട്ടിക്കും ലഭ്യമാകേണ്ട ഉയർന്ന നിലവാരത്തിലുള്ള പഠനബോധന അനുഭവങ്ങളും വ്യക്തിപരമായ ശ്രദ്ധയും പരിഗണനയുമാണ്. ഇത് നിർണ്ണയിക്കുന്നത് വിദ്യാലയത്തിലെ അക്കാദമിക പ്രവർത്തനങ്ങളാണ്. ഇതിന് സഹായകമാവും വിധം അക്കാദമിക മികവിലൂടെ വിദ്യാലയ മികവ് എന്ന കാഴ്ചപ്പാട് ഉയർത്തികൊണ്ടാണ് ഈ മാർഗ്ഗരേഖ അവതരിപ്പിക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശം എന്ന ലക്ഷ്യം സാർത്ഥമാക്കുന്നതിന് വൈവിധ്യമാർന്ന പ്രവർത്തന പദ്ധതികൾ ഉൾക്കൊള്ളുന്ന സ്കൂൾ തല അക്കാദമിക പ്ലാൻ സഹായകമാവും.

MANUR L.P SCHOOL
ESTD 1947

# മണ്ണൂർ എൽ പി സ്കൂൾ

**ചരിത്രം**

ആയിരക്കണക്കിന് കുട്ടികൾക്ക് അറിവ് പകർന്നു നൽകിയ മണ്ണൂർ എൽ.പി.സ്ക്കൂളിന് 100 വർഷത്തിന് മുകളിൽ പഴക്കമുണ്ടെങ്കിലും 1947 ആഗസ്ത് 21 മുതലുള്ള ആധികാരിക വിവരമാണ് ഉള്ളത്. സ്കൂൾ ആദ്യം നിലനിന്നിരുന്നത് മണ്ണൂർ വയലിനു നടുവിലുള്ള കുനിയിൽ എന്ന പ്രദേശത്താണ്. പ്രസ്തുത സ്കൂൾ വെള്ളപ്പൊക്കത്തിൽ തകർന്നടിയുകയും നാട്ടിലുള്ള നല്ലവരായ ആൾക്കാരുടെ ശ്രമഫലമായി മണ്ണൂർ പറമ്പ് എന്ന സ്ഥലത്ത് സ്കൂൾ പണിയുകയും 1954ൽ സ്കൂളിന് സ്ഥിരം അംഗീകാരം ലഭിക്കുകയും ചെയ്തു. തുടക്കത്തിൽ അഞ്ചാം ക്ലാസ് ഉണ്ടായിരുന്നെങ്കിലും കുട്ടികളുടെ കുറവുകാരണം അഞ്ചാം ക്ലാസ് 1965 ൽ നിർത്തൽ ചെയ്യുകയാണ് ഉണ്ടായത്. ആദ്യം പി-കെ.ഇ.ആർ. കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന സ്കൂൾ ഇന്ന് പുതുക്കിപ്പണിത പുതിയ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പ്രദേശത്തിന്റെ സമഗ്ര വികസനത്തിന് സ്കൂൾ നൽകിയ സംഭാവന വളരെ വലുതായിരുന്നുവെന്ന് തിരിഞ്ഞു നോക്കുമ്പോൾ മനസ്സിലാകും. വിദ്യാഭ്യാസം, തൊഴിൽ, കാർഷികം സ്വന്തമായി വ്യക്തിമുദ്ര പതിപ്പിക്കാൻ പ്രദേശത്തിന് സാധ്യമായത് മണ്ണൂർ എൽ.പി.സ്കൂളിലൂടെയാണ് എന്നത് എടുത്ത് പറയേണ്ട കാര്യമാണ്.

## മണ്ണൂർ എൽ പി സ്കൂൾ - നിലവിലെ അവസ്ഥ

| | |
|---|---|
| സബ്ജില്ല | : മട്ടന്നൂർ |
| സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലം | : മണ്ണൂർ പറമ്പ് |
| വാർഡ് നമ്പർ- വില്ലേജ് | : ഒന്ന്- കോളാരി |
| സ്കൂൾ കാറ്റഗറി | : എയിഡഡ് |
| സ്ഥല വിസ്തീർണം | : 1 ഏക്കർ 12 സെന്റ് |
| ആകെ ക്ലാസ് മുറികൾ | : ഓഫീസ് മുറികൾ ഒഴികെ 5 |
| ആകെ കുട്ടികൾ- പ്രീ-പ്രൈമറി | : 14 |
| 1 മുതൽ 4 വരെ | : 43 |
| ആകെ അധ്യാപകർ | : 05 |
| പ്രീ പ്രൈമറി ടീച്ചർ | : 01 |
| ഹെൽപ്പർ | : 01 |
| ശുചീകരണ പാചക തൊഴിലാളി | : 01 |

MANNUR L.P SCHOOL
ESTD 1947

**കൈവരിച്ച നേട്ടങ്ങൾ**

ശാസ്ത്രമേളകൾ, കലാമേളകൾ, ക്വിസ് മത്സരങ്ങൾ എന്നിവയിലെല്ലാം കുട്ടികൾ ഉന്നത നിലവാരം പുലർത്തി വരുന്നുണ്ട്. പൂർവ്വ വിദ്യാർത്ഥികളിൽ നിന്നും സ്കൂൾ ലൈബ്രറി ശാക്തികരണത്തിന് മികച്ച പിന്തുണ ലഭിക്കുകയുണ്ടായി.

എൽ.എസ്.എസ്. പരീക്ഷകളിൽ തുടർച്ചയായി 6 വർഷം സ്കൂളിന് സ്കോളർഷിപ്പ് ലഭിക്കുകയുണ്ടായി. പി.ടി.എ. യുടേയും നാട്ടുകാരുടെയും സജീവമായ പങ്കാളിത്തതോടെ എല്ലാവർഷവും വിപുലമായ വാർഷികാഘോഷങ്ങൾ നടത്തി വരുന്നു.

**പരിമിതികൾ**

ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത് വലിയ കുന്നിൻ മുകളിലായതിനാൽ തന്നെ ജല ദൗർലഭ്യവും പ്രധാനപരിമിതിയാണ്. അതുപോലെ തന്നെ നല്ല റോഡുകളുടെ അപര്യാപ്തത വിവിധ പ്രദേശങ്ങളിൽ നിന്ന് ഇവിടെ എത്തിചേരാൻ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു. ആവശ്യമുള്ള കെട്ടിടങ്ങളുടെ അഭാവം, നിലവിലുള്ള കെട്ടിടം തന്നെ പ്ലാസ്റ്ററിംഗ് ചെയ്യാത്തതും ആവശ്യത്തിന് കമ്പ്യൂട്ടർ, പ്രൊജക്ടർ തുടങ്ങിയ പഠന ഉപകരണങ്ങളുടെ അഭാവവും പ്രധാന പരിമിതികളാണ്..

**പൊതു ലക്ഷ്യങ്ങൾ:-**

1.എഴുത്തിലും വായനയിലും കുട്ടികൾക്ക് ആത്മവിശ്വാസം ഉണ്ടാക്കൽ.

2.ചതുഷ്ക്രിയകൾ ചെയ്യുന്നതിനും ഗണിതപഠനം രസകരവും ഭയമില്ലാത്തതാക്കുന്നതും ലക്ഷ്യം വെക്കുന്നു

3.എൽ.എസ്.എസ്. മത്സരങ്ങളിൽ മികച്ചവിജയം നേടാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിന്

4.സ്ക്കൂളിൽ എത്തിചേരുന്ന എല്ലാ കുട്ടികൾക്കും അതാതു ക്ലാസിലെ പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുന്നതിന്.

5.ഭാഷകൾ സംസാരിക്കാനും എഴുതാനും ഉള്ള കഴിവ് മെച്ചപ്പെടുത്തലിന്

MANNUR L.P SCHOOL ESTD 1947

**നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ - ഒറ്റ നോട്ടത്തിൽ**

---

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | വിഷയം | ക്ലാസ് | കാലയളവ് | ചുമതല |
|---|---|---|---|---|---|
| 1 | എന്റെ ഭാഷ<br>എ. വായനാ വസന്തം<br>ബി. എഴുത്തുകൂട്ടം | മലയാളം | 1 മുതൽ 4 | 1 വർഷം | മൃദുല |
| 2 | ഈസി ഇംഗ്ലീഷ് | ഇംഗ്ലീഷ് | 1 മുതൽ 4 | 1 വർഷം | വൈഷ്ണവ് |
| 3 | ഗണിതം മധുരം | ഗണിതം | 1 മുതൽ 4 | 1 വർഷം | ഇന്ദുലേഖ |
| 4 | പരിസരത്തേക്ക് | ഇ വി എസ് | 1 മുതൽ 4 | 1 വർഷം | ക്ലാസ് ടീച്ചർ |
| 5 | സ്കോളർഷിപ്പ് നേടൽ | എൽ എസ് എസ് | 1 മുതൽ 4 | 6 മാസം | പി. രാഘവൻ |
| 6 | ബെസ്റ്റ് സ്റ്റുഡൻറ് ഇൻ ജി കെ | ജി. കെ | 1 മുതൽ 4 | 1 വർഷം | ഷബാന |
| 7 | അറബിക് മധുരം | അറബിക് | 1 മുതൽ 4 | 1 വർഷം | ഷബാന |

**എന്റെ ഭാഷ- മലയാളം**

വായിച്ചു വളരുക, ചിന്തിച്ച് വിവേകം നേടുക എന്ന മഹത് വചനത്തിനുവേണ്ടി വിദ്യാർത്ഥി സമൂഹത്തെ വായനയുടേയും എഴുത്തിന്റേയും പാതയിലേക്ക് നയിക്കാൻ ഒരു മഹത് സംരംഭം. വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളേയും മികച്ച വായനക്കാരാക്കുക ഒപ്പം മികച്ച എഴുത്തുകാരാക്കുക. ഇതിനായി പിന്നോക്കം നിൽക്കുന്നവരെക്കൂടി മുൻധാരയിലെത്തിച്ച് വായനയും എഴുത്തും ഒരു നവ്യാനുഭവമാക്കി വിദ്യാലയത്തിലെ മുഴുവൻ കുട്ടികളെയും മാതൃ ഭാഷയിൽ മുമ്പിൽ എത്തിക്കുക എന്നതാണ് ലക്ഷ്യം.

MANNUR L.P SCHOOL ESTD 1947

**1.വായനാവസന്തം**

കുട്ടികളിൽ വായനയിൽ താൽപര്യം ഉണ്ടാക്കുക എന്ന ലക്ഷ്യം മുൻനിർത്തി നടപ്പിലാക്കുന്ന പ്രവർത്തനം.

**ലക്ഷ്യങ്ങൾ**

1. മുഴുവൻ കൂട്ടുകാരെയും വായനയിൽ താൽപര്യമുള്ളവരാക്കി മാറ്റുക
2. വായന ഒരു ശീലവും ലഹരിയുമായി മാറ്റുക
3. വായനയുടെ വിവിധ തലങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുക.
4. വായനാപോഷണത്തിന് സമൂഹത്തിന്റെ പിന്തുണയും ലഭ്യമാക്കുക.

**പ്രവർത്തനങ്ങൾ**

1. ചിത്രവായനയിലൂടെ
   കഥാ ചാർട്ടുകൾ, മറ്റ് ചിത്രങ്ങൾ ഇവ പ്രദർശിപ്പിച്ച് കുട്ടികളിലെ ചിത്രവായനശേഷി പരിപോഷിപ്പിക്കൽ
2. കഥയിലൂടെ
   വ്യത്യസ്ത തരം കഥകൾ കേൾക്കാനവസരം. അതുവഴി വായനയിലേക്ക് ആകർഷിക്കൽ
3. ചിത്രത്തിൽ നിന്ന് കഥയിലേക്ക്
4. അനുയോജ്യമായ ബാലമാസികകൾ, ചിത്രകഥകൾ ഇവ പരിചയപ്പെടുത്തി വായനയ്ക്ക് അവസരം നൽകൽ
5. പത്രത്തിലെ പ്രാദേശിക വാർത്തകൾ/നാട്ടുവാർത്തകൾ എന്നിവ കണ്ടെത്തൽ.
6. ഇഷ്ടപ്പെട്ട പുസ്തകങ്ങൾ തിരഞ്ഞെടുത്ത് വായിക്കൽ
7. ലൈബ്രറി വായന പ്രോത്സാഹിപ്പിക്കൽ
   അമ്മ വായന, വായനാക്കുറിപ്പെഴുതൽ, വായനാമത്സരങ്ങൾ, വായനാക്വിസ്

| | |
|---|---|
| കാലയളവ് | - ജൂൺ മുതൽ മാർച്ച് വരെ |
| ചുമതല | - ക്ലാസ്സ് അധ്യാപകർ |
| മോണിറ്ററിംഗ് | - ഹെഡ് മാസ്റ്റർ |
| സാമ്പത്തികം | - 2000 |
| സ്രോതസ്സ് | - എസ് എസ് ജി, പൂർവ്വവിദ്യാർത്ഥികൾ |

MANNUR L.P SCHOOL ESTD 1947

**2. എഴുത്തുക്കൂട്ടം- മലയാളം**

**ലക്ഷ്യങ്ങൾ**

1. എല്ലാവർക്കും എഴുത്തും വായനയും
2. കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക
3. തെറ്റു കൂടാതെ എഴുതുകയും വായിക്കുകയും ചെയ്യൽ

**പ്രവർത്തനങ്ങൾ**

1. മലയാള തിളക്കം - 2,3,4 ക്ലാസ്സുകളിൽ
2. അക്ഷരം ഉറപ്പിക്കൽ
3. അടയാളങ്ങൾ, ചിഹ്നങ്ങൾ ഉറപ്പിക്കൽ
4. കഥാപുസ്തകം വായിക്കൽ
5. കഥ- ബാക്കി പറയൽ, എഴുതൽ
6. ഇൻലന്റ് മാഗസിൻ, ചുമർപതിക, പതിപ്പ് തയ്യാറാക്കൽ
7. വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് എഴുതൽ
8. ബാലസഭ
9. പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ് വർദ്ധിപ്പിക്കൽ
10. ദിനാചാരണങ്ങളുമായി ബന്ധപ്പെടുത്തി എഴുത്തും വായനയും പ്രോത്സാഹിപ്പിക്കാൽ
11. വ്യക്തിഗത രചന, സംഘ രചന
12. പുസ്തക പരിചയം - അസംബ്ലിയിൽ
13. ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനം സംഘടിപ്പിക്കൽ

| | |
|---|---|
| കാലയളവ് | - ജൂൺ മുതൽ മാർച്ച് വരെ |
| ചുമതല | - മൃദുല |
| മോണിറ്ററിംഗ് | - ഹെഡ് മാസ്റ്റർ, എ.ഇ.ഒ |
| സാമ്പത്തികം | - 1000/- |
| സ്രോതസ്സ് | - പി.ടി.എ |

VANNUR L.P SCHOOL ESTD 1947

| **Programmes** | **Activity** | **Duration** | ഭൗതികം | പിന്തുണ |
|---|---|---|---|---|
| ഇംഗ്ലീഷിനെ ഇഷ്ടപ്പെടാം (ഹലോ ഇംഗ്ലീഷ്) | - Self-introduction<br>-മലയാളത്തിലെ ഇംഗ്ലീഷ് വാക്കുകൾ<br>-ചിത്രത്തിന്റെ പേര് കണ്ടുപിടിക്കൽ<br>-പദ കാർഡുകൾ<br>-ചിത്ര വായന<br>-പദകേളി<br>-ഇംഗ്ലീഷ് അസ്സംബ്ലി<br>-എ ഡേ ഫോർ ഇംഗ്ലീഷ്<br>-ദിനാചാരണങ്ങൾ<br>-കടങ്കഥകൾ<br>-പഴഞ്ചൊല്ലുകൾ<br>-ഡയറി<br>-കഥ പറയൽ<br>-സ്പീച്ച് | 1 week<br>June to July<br>June<br>June - Sept<br>October<br>…<br>Sept - Nov<br>Nov<br>10 months<br>Sep - Nov<br>…<br>Jan - Mar<br>Jan - Mar<br>Jan - Mar | | പി ടി എ |
| കുട്ടികളെ മികച്ച വായനക്കാരാക്കുക | -ഇംഗ്ലീഷ് വയനാമൂല<br>-ഇംഗ്ലീഷ് കഥകൾ<br>-പത്രവായന<br>-ബാലസഭയിലെ ഇംഗ്ലീഷ് | 10 months | | |
| ഇംഗ്ലീഷിൽ എഴുതുന്നതിന് ആത്മവിശ്വാസം ഉണ്ടാക്കൽ | -Riddles<br>-Proverbs<br>-Writing headlines<br>-Add more lines<br>-Picture description<br>-Conversation<br>-Writing stories | | | |

# EASY ENGLISH

ഇംഗ്ലീഷ് ഭാഷയെ കൂടുതൽ അടുത്തറിയുന്നതിനും, (ഹലോ ഇംഗ്ലീഷ്) മികച്ച വായനക്കാരാക്കുന്നതിനും (വായനമൂല) മികച്ച എഴുത്തുകാരനാക്കുന്നതിനും. നിത്യ ജീവിതത്തിൽ ഇംഗ്ലീഷ് ഭാഷയുടെ ഉപയോഗം അനുദിനം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇംഗ്ലീഷ് ഭാഷയെ സ്നേഹിക്കുന്നതിനും ഭയമില്ലാതെ സംസാരിക്കുന്നതിനും, തെറ്റുകൂടാതെ എഴുതുന്നതിനും വേണ്ടിയാണ് മണ്ണൂർ എൽ.പി സ്കൂൾ തുടർച്ചയായി ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന ഹലോ ഇംഗ്ലീഷ് എന്ന പദ്ധതി 2024-25 അധ്യയന വർഷത്തിലും നടത്തുന്നത്..

**ലക്ഷ്യങ്ങൾ**

- എല്ലാവരിലും ഇംഗ്ലീഷ് ആശയവിനിമയ ശേഷി വളർത്തിയെടുക്കൽ
- എല്ലാവർക്കും എഴുത്തും വായനയും
- ഇംഗ്ലീഷ് ലൈബ്രറി
- ബാലസഭ ( ക്ലാസ് തലം, സ്കൂൾ തലം)
- വായനാസാമഗ്രികൾ ഒരുക്കൽ
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനക്കും എഴുത്തിനുമുള്ള സാധ്യത കണ്ടെത്തൽ
- സ്പീച്ച് ഇൻ ഇംഗ്ലീഷ്

**പ്രവർത്തനങ്ങൾ**

1. അവനവനെ അറിയാം
   കുട്ടികൾ ചെറുവാക്യങ്ങൾ ഉപയോഗിച്ച് പരിചയപ്പെടുത്തൽ
2. മലയാളത്തിലെ ഇംഗ്ലീഷ് വാക്കുകൾ പറയിപ്പിക്കലും എഴുതലും
   നിത്യജീവിതത്തിൽ നമ്മൾ ഉപയോഗിക്കുന്ന മലയാളീകരിച്ച ഇംഗ്ലീഷ് വാക്കുകൾ പറയിപ്പിക്കലും, എഴുതലും.
3. പേരുകൾ കണ്ടെത്തി എഴുതൽ

വ്യത്യസ്ഥ വസ്തുക്കളുടെ പേരുകൾ, വീടുകളിൽ കൊണ്ടുവരുന്നവ പായ്ക്കറ്റിനു മുകളിലെ ലേബലുകൾ എന്നിവ

4. പദ കാർഡുകൾ

   പിന്നോക്കക്കാർക്ക് കൂടുതൽ പരിഗണന ലഭ്യമാക്കുന്നതിന്

5. ചിത്ര വായന

   ചിത്രത്തിൽ നിന്നും വസ്തുക്കൾ തിരിച്ചറിഞ്ഞ് ലഘുവാക്യങ്ങളിൽ പറയൽ

6. പദകേളി

   പദ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനുവേണ്ടി

7. ഇംഗ്ലീഷ് അസ്സംബ്ലി

   ആഴ്ചയിലൊരു ഇംഗ്ലീഷ് അസ്സംബ്ലി (എല്ലാ വ്യാഴാഴ്ചയും)

8. എ ഡേ ഫോർ ഇംഗ്ലീഷ്

   എല്ലാമാസവും ഇംഗ്ലീഷിന് വേണ്ടി ഒരു ദിവസം

9. ദിനാചരണങ്ങൾ

   ദിനാചരണങ്ങളെപറ്റി ഇംഗ്ലീഷിൽ കുറിപ്പെഴുതൽ

10. കടങ്കഥകൾ സ്വന്തമായി നിർമ്മിച്ചവയും, ശേഖരിച്ചവയും വായിച്ചവരതരിപ്പിക്കലും ഉത്തരം കണ്ടെത്തലും

11. പഴഞ്ചൊല്ലുകൾ

    ലഘുവായ പഴഞ്ചൊല്ലുകൾ, എഴുതുന്നതിനും, വായിക്കുന്നതിനും

12. ഡയറി

    ലഘുവായവാക്യങ്ങളിൽ തയ്യാറാക്കുന്നതിന്

13. ഇംഗ്ലീഷ് കഥ പറയൽ

    ബാലസഭകളിലും മറ്റും കഥ പറയുന്നതിന്

14. ഇംഗ്ലീഷ് സ്പീച്ച്

    ലഘുവിഷയങ്ങളിൽ ഇംഗ്ലീഷിൽ സംസാരിക്കുന്നതിന്

| | |
|---|---|
| കാലയളവ് | - 4 വർഷം |
| ചുമതല | - വൈഷ്ണവ് |
| മോണിറ്ററിംഗ് | - ഹെഡ് മാസ്റ്റർ, എ.ഇ.ഒ |
| സാമ്പത്തികം | - 2000/- |
| സ്രോതസ്സ് | - പി.ടി.എ |

MAINUR L.P SCHOOL
ESTD 1947

## പ്രവർത്തന കലണ്ടർ 2025-26

| Activity | Jun | Jul | Aug | Sept | Oct | Nov | Dec | Jan | Feb | Mar |
|---|---|---|---|---|---|---|---|---|---|---|
| 1.Self-introduction | ✓ | | | | | | | | | |
| 2.പദ കാർഡുകൾ | ✓ | ✓ | ✓ | ✓ | | | | | | |
| 3.ചിത്ര വായന | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 4.ഇംഗ്ലീഷ് അസ്സംബ്ലി | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 5.എ ഡേ ഫോർ ഇംഗ്ലീഷ് | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 6.ദിനാചരണങ്ങൾ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 7.കടങ്കഥകൾ | | | | | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 8.പഴഞ്ചൊല്ലുകൾ | | | | | | ✓ | ✓ | ✓ | ✓ | ✓ |
| 9.ഡയറി | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 10.കഥ പറയൽ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |

MANNUR L.P SCHOOL
ESTD 1947

# ഗണിതം മധുരം

## ആമുഖം

നിത്യജീവിതത്തിൽ ഗണിതത്തിനുള്ള പ്രാധാന്യം വളരെ വലുതാണ്. മിക്കവാറും സന്ദർഭങ്ങളിൽ മന: കണക്കായി ഉത്തരം കണ്ടെത്തേണ്ടി വരും.. ഇത്തരം അവസരങ്ങളിൽ കുട്ടികൾ ബുദ്ധിമുട്ടുന്നതും കാണാവുന്നതാണ്. ഗണിതവുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ അതാത് ക്ലാസ്സുകളിൽ നൽകുന്നുണ്ടെങ്കിലും 40% കുട്ടികൾക്കെങ്കിലും പൂർണ്ണമായി ഉൾക്കൊള്ളാൻ കഴിയാതെ വരുന്നു. ചിലർക്ക് ചതുഷ്ക്രിയകളും ബുദ്ധിമുട്ടുണ്ടാക്കുന്നു. ഇതു കൂടാതെ പ്രശ്നാപഗ്രഥനം, മന: കണക്ക്, ഊഹം, അളവുകൾ, സമയം എന്നിങ്ങനെ അതാതു ക്ലാസ്സിൽ നിന്ന് നേടാതെ വരുമ്പോൾ അടുത്ത ക്ലാസ്സിൽ അതിന്റെ തുടർച്ച ഉൾക്കൊള്ളാനാവാതെ വരുന്നു. ഗണിതത്തിൽ താൽപര്യമുണ്ടാക്കി പഠനപ്രവർത്തനങ്ങൾ നൽകിയാൽ മാത്രമേ കുട്ടികൾക്ക് ഗണിതം മധുരമാവുകയുള്ളൂ.

## ലക്ഷ്യം

1. മൂന്ന്, നാല് ക്ലാസ്സുകളിലെ കുട്ടികൾക്ക് ഗണിതം രസകരവും താൽപര്യമുള്ളതുമാക്കുക.
2. ചതുഷ്ക്രിയകൾ, ഊഹം, മനകണക്ക്, അളവ്, സംഖ്യാബോധം, പ്രശ്നാപഗ്രഥനം, സമയം എന്നിവ വേഗത്തിൽ ചെയ്യാൻ പ്രാപ്താരക്കുക.
3. നാലാം ക്ലാസ്സ് കഴിഞ്ഞുപോകുന്ന മുഴുവൻ കുട്ടികൾക്കും ആവശ്യമായ ഗണിതശേഷികൾ നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക
4. ഗണിതകളികൾ, ക്വിസ് എന്നിവയിൽ താൽപര്യത്തോടെ പങ്കെടുക്കാനും വിജയമുറപ്പിക്കാനുമുള്ള അവസരമുണ്ടാക്കുക.

**പ്രവർത്തനങ്ങൾ**

- ടേം മൂല്യനിർണ്ണയം 3, 4 ക്ലാസ്സുകൾക്ക് പ്രീ ടെസ്റ്റിനനുസരിച്ച് അവലോകനം നടത്തി കുട്ടികളെ ഗ്രൂപ്പാക്കുന്നു.
- മൊഡ്യൂൾ/ടി.എം/ടി.എൽ.എം തയ്യാറാക്കൽ (സഹായി ശ്രദ്ധ മോഡ്യൂൾ)
- എല്ലാ കുട്ടികളേയും പരിഗണിച്ചുകൊണ്ട് പാഠാസൂത്രണങ്ങളും പഠനോപകരണങ്ങളും തയ്യാറാക്കൽ
- പ്രവർത്തനങ്ങൾക്ക് അധികസമയം കണ്ടെത്തൽ
- ഗണിത പഠനം നിത്യജീവിതവുമായി ബന്ധപ്പെടുത്തൽ
- ഗണിത ലാബ് സജ്ജീകരിക്കൽ (സഹായം ബി.ആർ.സി)
- ഐ.സി.ടി പരിശീലനം അധ്യാപകർക്ക്
- കുസൃതിക്കണക്കുകൾ പരിചയപ്പെടുത്തൽ
- ഗണിത ക്വിസ് മത്സരങ്ങൾ (മാസം 1)
- കളികളിലൂടെ ഗണിതപഠനം
- പാഠപുസ്തക ശേഷികൾ നേടിയെന്ന് ഉറപ്പാക്കൽ
- രക്ഷിതാക്കൾക്ക് ബോധവൽക്കരണം
- വീടുകളിലെ പഠനാന്തരീക്ഷം മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ
- വർഷാവസാനം ഗണിതത്തിൽ മികച്ച കുട്ടിയെ കണ്ടെത്തി ബെസ്റ്റ് സ്റ്റുഡന്റ് ഇൻ മാത്തമാറ്റിക്സ് അവാർഡ് നൽകൽ

| | |
|---|---|
| കാലയളവ് | - 2 വർഷം |
| പിന്തുണ | - ബി.ആർ.സി, പി.ടി.എ, എസ്.ആർ.ജി |
| ചുമതല | - ഇന്ദുലേഖ |
| ധനകാര്യ വിശകലനം | |
| ഗണിതലാബ് നിർമ്മാണം | - 5000/- (എസ്.എസ്.എ) |
| മോണിറ്ററിങ് | - എ.ഇ.ഒ, ബി.പി.ഒ. ഹെഡ് മാസ്റ്റർ |

MANNUR L.P SCHOOL
ESTD 1947

## മറ്റു പ്രവർത്തനങ്ങൾ

| ക്രമ നമ്പർ | ലക്ഷ്യം | ടാർജെറ്റ് | പ്രവർത്തനങ്ങൾ | കാലയളവ് | | |
|---|---|---|---|---|---|---|
| 1 | കുട്ടികളിൽ ശാസത്രാഭിരുചി വളർത്തുക | 3,4 | അസ്സംബ്ലിയിൽ ഒരു ലഘുപരീക്ഷണം<br>ക്വിസ് മത്സരങ്ങൾ(മാസം ഒന്ന്)<br>ശാസ്ത്രപുസ്തകങ്ങളുടെ വായന<br>ഉപജില്ലാ മത്സരങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കാൻ ശാസ്ത്ര പതിപ്പ്, ശേഖരണങ്ങൾ<br>ജൈവവൈവിധ്യ പാർക്ക് സംരക്ഷണം<br>പേരു നൽകാം (മരങ്ങൾക്ക്)<br>നാട്ടറിവ് ശേഖരണം | ജൂൺ മുതൽ മാർച്ച് വരെ | Co-ordinator - Indulekha 3000/- PTA | 3000/- |
| 2 | എൽ. എസ്. എസ് പരീക്ഷയിൽ ഉയർന്ന വിജയം നേടുക | 4 | മികച്ച ക്ലാസ് റൂം പ്രവർത്തനങ്ങൾ<br>പ്രത്യേക പരിശീലനങ്ങൾ<br>മാതൃക പരീക്ഷകൾ(5)<br>മികച്ച റഫറൻസ് പുസ്തകങ്ങൾ ലഭ്യമാക്കൽ | ആഗസ്റ്റ് - മാർച്ച് | 200 PTA | 2000/- |
| 3 | കുട്ടികളിൽ പൊതുവിജ്ഞാനം വർദ്ധിപ്പിക്കുക | 1 - 4 വരെ | ഉത്തരം കണ്ടെത്താം (ചോദ്യം നൽകുന്നു) പത്രത്തിൽ നിന്ന് കണ്ടെത്തി എഴുതുന്നു<br>പൊതുവിജ്ഞാന ശേഖരണം നോട്ടുബുക്കിൽ<br>ആഴ്ചയിൽ ചോദ്യം ചോദിക്കൽ<br>മാസത്തിൽ പൊതുവിജ്ഞാന ക്വിസ്<br>പൊതുവിജ്ഞാന പുസ്തക ശേഖരണം<br>മെഗാ ക്വിസ്- ബെസ്റ്റ് സ്റ്റുഡന്റ് ഇൻ ജി.കെ കണ്ടെത്തൽ | ജൂൺ മുതൽ മാർച്ച് വരെ | ഷബാന | 1000/- |

MANNUR L P SCHOOL ESTD 1947

**അറബിക്**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലയളവ്** | **ഭൗതികം** | **പിന്തുണ** |
|---|---|---|---|---|
| <u>അറബിക് മധുരം</u><br>അറബി ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കുവാനുള്ള പരിപാടി | ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുക.<br>അക്ഷരങ്ങൾ ഉറപ്പിക്കൽ<br>പദങ്ങൾ നിർമ്മിക്കൽ<br>വാചകങ്ങൾ നിർമ്മിക്കൽ<br>ഭാഷാ കളികൾ | 3 മാസം | പുസ്തകങ്ങൾ<br>വർക്ക് ഷീറ്റുകൾ<br>ചാർട്ടുകൾ | ബി. ആർ. സി<br>പി. ടി. എ |
| <u>വായനാ വസന്തം</u><br>കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ | ചിത്രകഥകൾ, കഥപുസ്തകം, കുട്ടിക്കവിതകൾ<br>വായനാ മത്സരം<br>അറബിക് പുസ്തകശേഖരണം | 6 മാസം | സ്കൂൾ ലൈബ്രറി<br>ക്ലാസ് ലൈബ്രറി<br>പുസ്തകങ്ങൾ | അറബി അധ്യാപകർ,<br>സ്പോൺസർ ഷിപ്പ്,<br>കുട്ടികൾ |
| <u>എഴുത്ത്</u><br>കുട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടുത്തൽ | കയ്യെഴുത്ത് മാസിക<br>കുട്ടികൾക്ക് പ്രത്യേക വർക്ക്ഷീറ്റുകളും കോപ്പികളും നൽകി പരിശീലനം നൽകൽ | 10 മാസം | പുസ്തകങ്ങൾ | |
| <u>ഐ. ടി</u><br>ഭാഷാപഠനത്തിൽ ഐ.ടി യുടെ സാധ്യത പ്രയോജനപ്പെടുത്തുക. | ചിത്രീകരണങ്ങൾ<br>ആനിമേഷൻ<br>ആക്ടിവിറ്റീസ്<br>കളറിംഗ് | 1 വർഷം | കമ്പ്യൂട്ടർ | ബി. ആർ. സി<br>പി. ടി. എ |

MANNUR L P SCHOOL
ESTD 1947

# ഉപസംഹാരം

അക്കാദമിക മികവാണ് വിദ്യാലയ മികവ് എന്നതിലൂന്നി തയ്യാറാക്കിയിട്ടുള്ളതാണ് മണ്ണൂർ എൽ.പി.സ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർപ്ലാൻ. പൂർണ്ണമാണെന്നോ ശരിയായ രീതിയിലാണെന്നോ കരുതുന്നില്ല. ഇതിലെ പ്രവർത്തനങ്ങൾ പ്രവൃത്തി പഥത്തിലേക്ക് വരുമ്പോൾ അവ വിപുലീകരിക്കുകയും ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും ചെയ്യേണ്ടിവരും. നാലു വർഷംവരെയുള്ള പ്രവർത്തനങ്ങളാണ് ഇതിൽ ലക്ഷ്യമിടുന്നത്. ഇവിടെ എത്തിച്ചേരുന്ന മുഴുവൻ കുട്ടികൾക്കും അതാത് ക്ലാസ്സുകളിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുന്നതോടൊപ്പം പഠനാനുബന്ധ മേഖലകളിലും കുട്ടികളുടെ കഴിവ് തെളിയിക്കാനുള്ള അവസരങ്ങൾ ഒരുക്കുക എന്ന ഞങ്ങളുടെ ലക്ഷ്യം പൂർണ്ണതയിലെത്തിക്കാൻ എല്ലാവരുടെയും സഹായസഹകരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട്

പ്രസിഡെന്റ്      പ്രധാനാധ്യാപകൻ

പി ടി എ      പി. രാഘവൻ

ESTD 1947

മണ്ണൂർ

03-06-2025